# Bulletin

## Irinjalakuda Diocese

2023 APRIL
Vol. 10 Issue : 04



"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"
(മത്തായി 25 : 40)



"എന്റെ കർത്താവേ എന്റെ ദൈവമേ"
(യോഹന്നാൻ 20:28)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

**COURSES OFFERED:**

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

-Lumen
IDET
INNOVATION IS INVENTION

## SAHṚDAYA-LUMEN ACADEMY
COMPETITIVE EXAM COACHING CENTRE

**Irinjalakuda, Thrissur, Kerala, Pin: 680 121**
**Web:www.sahrdayalumenacademy.com**
**Ph.: 8289847600, 7994148803**

**PSC / BANK / SSC / K-Tet / UPSC Coaching**

EVER TO EXCEL

## SAHṚDAYA
COLLEGE OF ADVANCED STUDIES

P.B. NO. 18, KODAKARA P.O., THRISSUR, 680 684
scasadmission@gmail.com, info@sahrdayacas.ac.in

www.sahrdayacas.ac.in
Apply Online

ADMISSION ENQUIRY
9446940458
9400063194
9497233713
0480 2713713

**UG & PG COURSES OFFERED**

B Com Professional, B Com Finance, B Com Computer Application, B Com Banking, B Com Taxation, BCA, BBA Finance, B Sc Psychology, B Sc Computer Science, B Sc Information Technology, B Sc Physics, B Sc Chemistry, B Sc Mathematics, B Sc Geology, B.A English with Journalism, B.A Malayalam with Journalism

M Com Finance, M Sc Psychology, M Sc Clinical Psychology, MSW, M Sc Computer Science, M.A English

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA (UK) , CMA (US), CFA (US), FINTECH (US), CMA (IND), CS, LOGISTICS & SUPPLY CHAIN MANAGEMENT (CILT-UK), BUSSINESS ANALYTICS,CFP, CAT,AVIATION,CPA (US), ARTIFICIAL INTELLIGENCE (AI), BEC,FCE,CAE(CAMBRIDGE ENGLISH ASSESMENT ENGLISH), GIS, PERSON CENTERED THERAPY, COUNSELLNG SKILLS & PSYCHO THERAPY, TRANSACTIONAL ANALYSIS, DATA SCIENCE & MACHINE LEARNING

LEARN LEAD SERVE

## SAHṚDAYA
INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

**MBA @ SIMS COURSES OFFERED:**

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# Bulletin
# Irinjalakuda Diocese

**MY LORD, MY GOD**

**APRIL - 2023**

**Vol.: 10 Issue: 04**

***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820
0480 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com

***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 04 |
| ഇടയലേഖനം | 07 |
| വിജ്ഞാപനം | 11 |
| കച്ചേരികാര്യങ്ങൾ | 12 |
| പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് | 15 |
| ഏകോപനസമിതി നോമ്പുകാല ധ്യാനം | 16 |
| അനുസ്മരണദിനങ്ങൾ | 17 |
| ബ്ലസ് എ ഹോം | 18 |
| പാക്സ് | 18 |
| മതബോധനം | 19 |
| ബൈബിൾ അപ്പസ്തോലേറ്റ് | 23 |
| സ്മരണാഞ്ജലി | 23 |
| സെന്റ് പോൾസ് മൈനർ സെമിനാരി | 24 |
| അൾത്താരസംഘം | 25 |
| നവചൈതന്യ | 26 |
| സ്പിരിച്ച്വാലിറ്റി സെന്റർ | 28 |
| സോഷ്യൽ ആക്ഷൻ | 29 |
| സിൽച്ചർ മിഷൻ | 32 |
| ആദരാഞ്ജലികൾ | 40 |
| വാർഷികധ്യാനം | 41 |
| ഇടയന്റെ ഇന്നലെകൾ | 45 |
| ഇടയന്റെ നാളെകൾ | 49 |







## ഉത്ഥിതനായ ഈശോയിൽനിന്നുളവാകുന്ന പരസ്നേഹം

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അത്മായ സഹോദരരേ,

ഉയിർപ്പ് തിരുനാളിന്റെ ഹൃദ്യമായ ആശംസകൾ നേരുന്നു! ഉത്ഥിതനായ ഈശോ പ്രദാനം ചെയ്യുന്ന സമാധാനവും സന്തോഷവും നിങ്ങളുടെ ജീവിതത്തിൽ എന്നും നിലനില്ക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈശോയുടെ പീഡാസഹനവും മരണവും ഉത്ഥാനവും സ്നേഹത്തിന്റ പ്രമാണം നമ്മെ പഠിപ്പിക്കുന്നു. അവിടുന്ന് പറയുന്നു:

"ഞാൻ പുതിയൊരു കൽപന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13:34-35).

ഈശോ തന്റെ കുരിശുമരണത്തിലൂടെ നൽകിയ പുതിയ ഉടമ്പടി സ്നേഹത്തിന്റെ കല്പനയായിരുന്നു. പഴയ ഉടമ്പടി അരുതുകളിൽ അടങ്ങിയതായിരുന്നെങ്കിൽ പുതിയ ഉടമ്പടി ആകേണ്ടതുകളിലേയ്ക്ക് കടന്നു ചെല്ലുന്നു.

ഉത്ഥിതനായ ഈശോയുടെ സ്നേഹത്തിൽ നിന്നുള്ള പരസ്നേഹം ഇന്ന് നമ്മുടെ സഭാസമൂഹത്തിന്റെ മുഖമുദ്രയാകണം. ഈശോയുമായുള്ള സ്നേഹബന്ധം പുലർത്തന്നവർക്കേ ഈശോയെപോലെ സ്നേഹിക്കുവാൻ കഴിയൂ. മനഃശാസ്ത്ര വിശാരദനും എഴുത്തുകാരനുമായ ജോൺ പൗവ്വൽ ജർമ്മൻ പഠിക്കുന്നതിനു വേണ്ടി ജർമ്മനിയിൽ താമസിക്കുന്ന കാലത്ത് കന്യാസത്രീമഠത്തിൽ Chaplin ആയി സേവനം ചെയ്തപ്പോൾ 84 വയസ്സുള്ള സിസ്റ്റർ ആയിരുന്നു താമസത്തിനു സഹായിച്ചിരുന്നത്. താൻ ക്ലാസ്സിലേക്ക് പോകുന്ന സമയം ഈ കന്യാസ്ത്രിയമ്മ പൗവ്വലിന്റെ മുറി അടിച്ചുവാരുകയും എല്ലാം ക്രമമായി അടക്കിവയ്ക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ പൗവ്വൽ ചോദിച്ചു: "സിസ്റ്റർ, അങ്ങ് എനിക്കുവേണ്ടി വളരെ ബുദ്ധിമുട്ടുന്നല്ലോ". സിസ്റ്ററുടെ ഉത്തരമിതായിരുന്നു: "ഈശോയോടുള്ള സ്നേഹത്തെ

പ്രതി സേവനം ചെയ്ത് സ്വർഗ്ഗരാജ്യം നേടുക എന്നത് അത്ര നിസ്സാരമായി കണക്കാവുന്നതല്ലല്ലോ." ഉന്നതമായ ലക്ഷ്യബോധമാണ് ഒരുവനെ പ്രവർത്തനനിരതനാക്കുന്നത്. നാം ചെയ്യുന്ന ജോലി അത് എത്ര ഉന്നതമായാലും നിസ്സാരമായാലും അത് ഈശോയുടെ സ്നേഹത്തെ പ്രതി മഹത്തരമായ സ്വർഗരാജ്യം ലക്ഷ്യം വയ്ക്കുന്നത് എത്ര മനോഹരമാണ്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ എഴുതിയതു പോലെ 'ഈശോയുടെ സ്നേഹം എന്നെ നിർബ്ബന്ധിക്കുന്നു.' നമ്മുടെ ഒരു മിഷൻ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന ഒരു നഴ്സ് സിസ്റ്റർ ഒരു കിടപ്പുരോഗിയുടെ ഛർദ്ദി സ്വന്തം കൈകൊണ്ട് തുടച്ചു. ഇത് കണ്ട ഒരു വ്യക്തി ചോദിച്ചു നിങ്ങൾക്കെങ്ങനെയാണ് ഇക്കാര്യം ചെയ്യുവാൻ സാധിച്ചത്. സിസ്റ്റർ പറഞ്ഞു: "പണത്തേക്കാൾ വലിയ പ്രതിഫലം നൽകാൻ കഴിവുള്ള ഒരാൾ ഉണ്ടെന്ന് എനിക്ക് ബോധ്യമുണ്ട്."

മദർ തെരേസയുടെ പ്രവർത്തനങ്ങൾ കണ്ടിട്ട് അത്ഭുതത്തോടെ ചോദിച്ചവരോട് മദർ തെരേസ പറഞ്ഞത്, "ഈശോയ്ക്കുവേണ്ടി സേവനം ചെയ്യുന്നത് കൊണ്ട് ബഹുമാനവും തീഷ്ണതയും സ്നേഹവും അതിൽ അന്തർഭവിച്ചിരിക്കുന്നു. ദിവ്യകാരുണ്യസമയത്തുള്ള ഈശോയുടെ അതേ സമ്പർക്കമാണ് ചേരികളിലെ പാവപെട്ടവരിലും ഞങ്ങൾ കാണുന്നത്." അന്ത്യവിധിയെക്കുറിച്ചുള്ള ഉപമയിൽ ഈശോ പഠിപ്പിച്ചതു പോലെ "എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത്" (മത്താ 25:40).

ഒരു കവിതയുടെ വരികൾ കുറിയ്ക്കട്ടെ:

'രോഗിക്കുനൽത്തുണ ചെയ്യുന്ന നേരത്തിൽ നേരിതു
നാഥനെന്നോർത്തിടുവിൻ;
വൻപനെന്നാകിലും നീചനെന്നാകിലും ഭേദം നിനയ്ക്കേണ്ട നാഥൻ'.

സമ്പന്നനായ മനുഷ്യൻ ചോദിച്ച ചോദ്യത്തിന് ഉത്തരം നൽകിയ ഈശോ അവനോട് നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് നൽകി ഈശോയെ പിഞ്ചെല്ലുവാൻ ആവശ്യപ്പെട്ടപ്പോൾ അവൻ ദുഃഖാർത്തനായി തിരിച്ചു പോയി. കാരണം അവൻ സ്വന്തം മഹത്വത്തിനായിട്ടാണ് എല്ലാം ചെയ്തത്. ദൈവമഹത്വത്തിനൊ സഹോദരങ്ങളുടെ നന്മയ്ക്കൊ ആയിരുന്നില്ല.

ഈശോയുടെ സ്നേഹം നാം ദർശിക്കുന്നത് കാൽവരിയിലെ ആത്മദാനത്തിലാണ്. ഈശോയെപ്പോലെ സ്നേഹിക്കുന്നവനുമാത്രമെ ഉത്ഥാനത്തിന്റെ സന്തോഷം ഉൾക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. ഒരു ദാനശീലന്റെ കഥ കേട്ടിട്ടുണ്ട്. പാവങ്ങൾക്ക് ചപ്പാത്തി സൗജന്യമായി വിതരണം ചെയ്യുന്നത് ദാനശീലന്റെ പതിവായിരുന്നു. സ്വന്തമായി

ചപ്പാത്തി നിർമ്മാണ ഫാക്ടറിയുണ്ടായിരുന്ന അദ്ദേഹം മിച്ചം വരുന്ന കാലാവധി കഴിഞ്ഞ പൊടി ഉപയോഗിച്ചാണ് ചപ്പാത്തി ഉണ്ടാക്കിയിരുന്നത്. അദ്ദേഹത്തിന്റെ മകൾ അത് കണ്ടെത്തി. ഒരു ദിവസം മകൾ അതേ പൊടി കൊണ്ട് ചപ്പാത്തിയുണ്ടാക്കി അയാൾക്കു നല്കി.

ഭക്ഷണത്തിന് രുചിയില്ലെന്നുപറഞ്ഞു അയാൾ ക്ഷുഭിതനായപ്പോൾ മകൾ പറഞ്ഞു സൗജന്യമായി നൽകുന്ന ചപ്പാത്തിയുണ്ടാക്കുന്ന പൊടി കൊണ്ടാണ് ഞാൻ ഈ ചപ്പാത്തിയുണ്ടാക്കിയത്. ഈ സംഭവം ദാനശീലന്റെ ജീവിതത്തിൽ മാറ്റം വരുത്താൻ കാരണമായി. ദാനം കിട്ടുന്നവയുടെ ഗുണനിലവാരം ചിന്തിക്കുവാൻ അത് സ്വീകരിക്കുന്നവരുടെ നിസ്സഹായത അനുവദിച്ചെന്നുവരികയില്ല. എന്നാൽ ഓരോ കൈതാങ്ങിനൊപ്പം ഹൃദയവും കൂടി ചേർത്തുവെച്ചാൽ സ്വീകരിക്കുന്നവരുടെ മനസ്സിൽ പ്രകാശം നിറയും. നമുക്കും ഈശോയുടെ ആത്മദാനത്തിന്റെ നിറവ് പ്രായോഗികമാക്കാം. അങ്ങനെ ഉത്ഥാനത്തിന്റെ സന്തോഷവും സമാധാനവും ജീവിതത്തിൽ അനുഭവിക്കുവാൻ കഴിയട്ടെ. എല്ലാവർക്കും ഒരിക്കൽ കൂടെ ഈസ്റ്ററിന്റെ മംഗളങ്ങൾ നേരുന്നു.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25.03.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

# ജീവിതമാർഗ്ഗദർശന ക്യാമ്പ്

**2023 ഏപ്രിൽ 13, 14, 15 (വ്യാഴം, വെള്ളി, ശനി)**

*സ്ഥലം:* **സെന്റ് പോൾസ് മൈനർ സെമിനാരി, ഇരിങ്ങാലക്കുട**
*സമയം:* **ഏപ്രിൽ 13 വ്യാഴാഴ്ച രാവിലെ 09.00 മണി മുതൽ ഏപ്രിൽ 15 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 03.00 മണി വരെ**

**NB:** ഏപ്രിൽ 10-ാം തിയ്യതിക്കുമുമ്പ് വൊക്കേഷൻ ഡയറക്ടറെ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വരുമ്പോൾ വികാരിയച്ചന്റെ കത്ത്, ബൈബിൾ, നോട്ട് ബുക്ക്, പേന, താമസത്തിനുള്ള വസ്തുക്കൾ എന്നിവ കരുതുക.

*പ്രത്യേക ശ്രദ്ധയ്ക്ക്:* പൗരോഹിത്യ ദൈവവിളിയോട് ആഭിമുഖ്യമുള്ളവരെ ക്യാമ്പിലേക്ക് പറഞ്ഞുവിടുവാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണേ.

**ഫാ. ജിൽസൻ പയ്യപ്പിള്ളി**
വൊക്കേഷൻ ഡയറക്ടർ
ഫോൺ: 8547878068

# ഇടയലേഖനം

Prot. No. 26/23
25.03.23

## Pro-Life Sunday

**2023 ഏപ്രിൽ 30, ഞായർ**

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ, രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശീർവ്വാദം.*

*യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീ സന്യാസികളേ, പ്രിയ മക്കളേ,*

ലോകത്തിന് ജീവൻ പ്രദാനം ചെയ്യാനും അത് സമൃദ്ധമായി നൽകുവാനുമായിട്ടാണ് ദൈവപുത്രനായ ക്രിസ്തു മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചത്. തന്റെ ജീവൻ സഹനബലിയായി സമർപ്പിച്ചുകൊണ്ടാണ് ഈശോ ആ ലക്ഷ്യം നേടിയെടുത്തത്. ജീവൻ ഏത് രൂപത്തിലായാലും അതിനെ വളർത്തുന്ന, പരിപോഷിപ്പിക്കുന്ന ഒരു സംസ്കാരം ലോകത്തിൽ രൂപപ്പെടണമെന്നാണ് ഈശോയുടെ ആഗ്രഹം.

വിശുദ്ധ ഗ്രന്ഥം ഉദ്ബോധിപ്പിക്കുന്നതും ജീവന്റെ മൂല്യത്തെ കുറിച്ചുതന്നെയാണ്. ജീവിക്കുന്നവനും ജീവന്റെ ദാതാവും ജീവന്റെ പൂർണ്ണതയിലേക്ക് സകലത്തെയും നയിക്കുന്നവനുമായിട്ടാണ് ദൈവത്തെ വിശുദ്ധ ഗ്രന്ഥം വരച്ച് കാട്ടുന്നത്. "ദൈവമായ കർത്താവ്, ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായി തീർന്നു'' (ഉൽപ 2:1). ദൈവമാണ് ജീവന്റെ സ്രോതസ്സ്, അവിടുത്തെ ശ്വാസമാണ് നമ്മുടെ ജീവൻ. ആ ജീവൻ മനുഷ്യൻതന്നെ നശിപ്പിക്കുന്നതിന്റെ പ്രതീകമാണ് കായേൻ ചെയ്യുന്ന സഹോദരഹത്യ. എന്നാൽ ജീവസംരക്ഷകനായ ദൈവം കായേനോട് കരുണ കാണിക്കുകയും അവൻ വധിക്കപ്പെടാതിരിക്കാനായി അവന്റെ നെറ്റിയിൽ മുദ്ര ചാർത്തുകയും ചെയ്യുന്നു.

മഹാപ്രളയത്തിൽ നിന്ന് നോഹയുടെ പെട്ടകത്തിലൂടെ ജീവജാലങ്ങളെ സംരക്ഷിക്കുന്ന ദൈവം തന്റെ ലക്ഷ്യം ജീവന്റെ നിലനിൽപ്പും സംരക്ഷണവുമാണെന്ന് വ്യക്തമാക്കുന്നു.

മോശയിലൂടെ ദൈവം ഇസ്രായേലിനോട് പറയുന്നു: "ജീവനും മരണവും അനുഗ്രഹവും ശാപവും ഞാൻ നിന്റെ മുന്നിൽ വച്ചിരിക്കുന്നു എന്നതിന് ആകാശത്തെയും ഭൂമിയെയും ഞാനിന്ന് നിനക്കെതിരായി സാക്ഷിയാക്കുന്നു. നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിന് ജീവൻ തിരഞ്ഞെടുക്കുക'' (നിയമാവർത്തനം 30:19). ജീവൻ തിരഞ്ഞെടുക്കാൻ ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. സങ്കീർത്തന വചനം പറയുന്നു: "ഇതാ, ദൈവമാണെന്റെ സഹായകൻ, കർത്താവാണെന്റെ ജീവൻ താങ്ങിനിർത്തുന്നവൻ" (സങ്കീ 54:4). ദൈവം ദാനമായി തന്ന, അവിടുന്ന് താങ്ങി നിർത്തുന്ന നമ്മുടെ ജീവൻ നശിപ്പിക്കാൻ നമുക്ക് അവകാശമില്ല.

അമ്മയുടെ ഉദരത്തിൽ ഭ്രൂണം രൂപപ്പെടുന്നതുമുതൽ മനുഷ്യജീവൻ അതിന്റെ പൂർണ്ണതയിലും മഹത്വത്തിലും ആരംഭിക്കുന്നു എന്നത് കത്തോലിക്കസഭ 'ജീവന്റെ സമ്മാനം' (Donum Vitae) 'മനുഷ്യജീവൻ' (Humane Vitae) എന്നീ ചാക്രിക ലേഖനങ്ങൾ വഴിയും മറ്റനേകം പ്രബോധനങ്ങൾ വഴിയും ആധികാരികമായി സമർത്ഥിച്ചിട്ടുള്ള കാര്യമാണ്. ആയതിനാൽ ജീവന്റെ സ്വാഭാവികമായ ഉത്ഭവം (ഭ്രൂണാവസ്ഥ) മുതൽ സ്വാഭാവിക മരണം വരെയുള്ള ഏതവസ്ഥയിലും ദൈവിക ദാനമായ ജീവനെ സംരക്ഷിക്കാൻ നാം കടപ്പെട്ടവരാണ്. മനുഷ്യജീവൻ സ്വാഭാവിക സാഹചര്യങ്ങളിലൂടെ രൂപപ്പെടുന്നതും വളരുന്നതും, അടുത്ത തലമുറകളിലേക്ക് പങ്കുവയ്ക്കപ്പെടുന്നതും, സ്വാഭാവിക മരണംവരെ അതിന്റെ സംരക്ഷണവും പ്രഘോഷണവും നടക്കപ്പെടുന്നതും കുടുംബങ്ങളിലാണ്. ആയതിനാലാണ് ജീവന്റെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ കുടുംബത്തെ 'വിശ്വാസത്തിന്റെ ഗർഭപാത്രം' എന്ന് വിളിക്കുന്നത്. ജീവന്റെ സങ്കേതവും ഈറ്റില്ലവുമായ നമ്മുടെ കുടുംബങ്ങളെ ജീവോത്സുക കുടുംബങ്ങളായി രൂപപ്പെടുത്തുവാനും ഈ ജീവോത്സുകത മറ്റുള്ളവരിലേക്ക് പകരുവാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

പക്ഷെ ഒരു മരണസംസ്കാരത്തിന്റെ വേദന നിറഞ്ഞ അനുഭവങ്ങളാണ് അനുദിന ജീവിതത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്നത്. കൃത്രിമ ഗർഭനിരോധനത്തിന്റെയും വന്ധീകരണത്തിന്റെയും ഗർഭഛിദ്രത്തിന്റെയും കൃത്രിമ ജനനമാർഗ്ഗങ്ങളുടെയും ദയാവധത്തിന്റെയും വധ

ശിക്ഷയുടെയും രീതികൾ അവലംബിച്ചുകൊണ്ട് നമ്മുടെ കുടുംബങ്ങളും സമൂഹവും നാശത്തിന്റെ പാതയിലൂടെ ചരിക്കുകയാണ്. ഭാരതസർക്കാരിന്റെ ഔദ്യോഗിക കണക്കുപ്രകാരം 1.5 കോടി ഗർഭസ്ഥശിശുക്കളാണ് പ്രതിവർഷം അഹിംസയുടെ നാട്ടിൽ ക്രൂരമായി കൊലചെയ്യപ്പെടുന്നത്. എല്ലാ സംസ്ഥാനങ്ങളിലും ജനനനിരക്ക് കുറഞ്ഞ് വരികയാണ്. ജനസംഖ്യ നിലനിർത്താൻ വേണ്ട ജനനനിരക്ക് (TFR - Total Fertility Rate) ആയ 2.1% ഏറ്റവും ആദ്യം (1988ൽ) കൈവരിച്ച സംസ്ഥാനമാണ് കേരളം. ക്രൈസ്തവ കുടുംബങ്ങളിൽ ഇത് 1.5% മാത്രമേ ഉള്ളൂ. എന്നുവച്ചാൽ കേരളത്തിലെ കുട്ടികളുടെ എണ്ണം ഗുരുതരമായി കുറയുകയാണ്. 2061 ആകുമ്പോഴേക്കും കേരളത്തിൽ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം ജനസംഖ്യയുടെ 40% ആകുമെന്നാണ് കണക്ക്.

1961ൽ കേരളജനസംഖ്യയുടെ 21% ഉണ്ടായിരുന്ന ക്രൈസ്തവർ 2011ൽ 18% ആയി കുറഞ്ഞു. നമ്മുടെ കുടുംബങ്ങളിൽ കൂടുതൽ മക്കൾ ജനിച്ചില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതും ദുരിതപൂർണ്ണവുമായിരിക്കും. “സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ” (ഉല്പത്തി 1:28) എന്ന സ്രഷ്ടാവിന്റെ അനുഗ്രഹത്തിൽ വിശ്വസിക്കുന്ന ഒരു പുതിയ തലമുറയെ നാം വാർത്തെടുക്കേണ്ടിയിരിക്കുന്നു. ജീവസംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്ന ബോധ്യം ജനിപ്പിക്കുവാനും ജീവനെ നശിപ്പിക്കുന്ന പ്രവണതകൾ സമൂഹത്തിൽനിന്ന് ഇല്ലായ്മ ചെയ്യാനും നാം പ്രതിജ്ഞാബദ്ധരാകണം.

ജീവസംരക്ഷണത്തിന്റെ പാത തിരഞ്ഞെടുത്തുകൊണ്ട് തന്റേതന്നെ ജീവൻ സമർപ്പിക്കേണ്ടിവന്ന വിശുദ്ധയാണ് ഇറ്റലിയിലെ ശിശുരോഗവിദഗ്ദ്ധയായ Dr. Gianna Beretta Molla (ജാന്ന ബെരേത്ത മോള്ള 1922-1962). മനുഷ്യജീവനെതിരായ എല്ലാ ഭീഷണികളെയും ജാഗ്രതയോടെ നേരിടേണ്ടതും വിവാഹത്തിന്റെ പവിത്രത കാത്തുസൂക്ഷിച്ച് അതിന്റെ ഉദാത്തമായ ലക്ഷ്യം നേടിയെടുക്കേണ്ടതും വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതും നമ്മുടെ ഉത്തരവാദിത്തമാണെന്ന് ദൈവജനത്തെ ഓർമ്മപ്പെടുത്താൻവേണ്ടി വി. ജാന്നയുടെ തിരുനാൾദിനമായ ഏപ്രിൽ 28നോടനുബന്ധിച്ച ഞായറാഴ്ച Pro-Life Sunday ആയി ആചരിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ഈ വർഷം 2023 ഏപ്രിൽ 30 ഞായറാഴ്ച ജീവസംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക കർമ്മപരിപാടികൾ ഇടവകകളിൽ സംഘടിപ്പിക്കണമെന്നും ദൈവജനത്തെ

അതിന്റെ പ്രാധാന്യത്തെപ്പറ്റി ഉത്ബോധിപ്പിക്കണമെന്നും ബഹു. വികാരിയച്ചന്മാരോട് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. അമ്മമാരുടെയും ഡോക്ടർമാരുടെയും ഭ്രൂണാവസ്ഥയിൽ മരണപ്പെട്ട കുഞ്ഞുങ്ങളുടെയും മദ്ധ്യസ്ഥയായ വി. ജാന്ന ബരേത്ത മോള്ള നമ്മുടെ ജീവസംരക്ഷണ പ്രവർത്തനങ്ങൾക്ക് മദ്ധ്യസ്ഥയും വഴികാട്ടിയുമാകട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

+ Pauly Kannookadan

20.03.2023
ഇരിങ്ങാലക്കുട

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപതാമെത്രാൻ

---

**NB:** ഈ വിജ്ഞാപനം 2023 ഏപ്രിൽ 23-ാം തിയ്യതി ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും രൂപത സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

---

# വൈദികദൈവവിളി ധ്യാനം

**2023 ഏപ്രിൽ 26, 27, 28, 29 (ബുധൻ, വ്യാഴം, വെള്ളി, ശനി)**

*സ്ഥലം*

**സെന്റ് പോൾസ് മൈനർ സെമിനാരി, ഇരിങ്ങാലക്കുട**

*സമയം*

**ഏപ്രിൽ 26 ബുധനാഴ്ച രാവിലെ 09.00 മണിക്ക് ആരംഭിച്ച് ഏപ്രിൽ 29 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 03.00 മണിക്ക് അവസാനിക്കുന്നു.**

**NB:** ഏപ്രിൽ 19-ാം തിയ്യതിക്കുമുമ്പ് വൊക്കേഷൻ ഡയറക്ടറെ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വരുമ്പോൾ വികാരിയച്ചന്റെ കത്ത്, ബൈബിൾ, നോട്ട് ബുക്ക്, പേന, താമസത്തിനുള്ള വസ്തുക്കൾ എന്നിവ കരുതുക.

***പ്രത്യേക ശ്രദ്ധയ്ക്ക്:*** പൗരോഹിത്യ ദൈവവിളിയോട് ആഭിമുഖ്യമുള്ളവരെ ധ്യാനത്തിലേക്ക് പറഞ്ഞുവിടുവാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണേ.

**ഫാ. ജിൽസൻ പയ്യപ്പിള്ളി**
വൊക്കേഷൻ ഡയറക്ടർ
ഫോൺ: 8547878068

341/23
20.03.2023

# വിജ്ഞാപനം
# തിരുക്കർമ്മധർമ്മം

വന്ദ്യ വൈദിക സഹോദരരേ, പ്രിയ മക്കളേ,

ദൈവത്താൽ വിളിക്കപ്പെട്ട വൈദികർ ദൈവത്തിനുവേണ്ടി വേല ചെയ്യാൻ തങ്ങളെത്തന്നെ സമർപ്പിച്ചവരാണ്. ദൈവജനത്തിനുവേണ്ടിയാണ് ദൈവം ജനങ്ങളുടെ ഇടയിൽനിന്ന് ചിലരെ പേര് ചൊല്ലി വിളിച്ചിരിക്കുന്നത്. ഇത് ദൈവികമായ വിളിയും തിരഞ്ഞെടുപ്പുമാണ്. ദൈവജനത്തിന്റെ സമഗ്ര വളർച്ചയ്ക്ക്, പ്രത്യേകിച്ച് ആദ്ധ്യാത്മിക വളർച്ചയ്ക്ക്, നിദാനമാകാൻവേണ്ടിയാണ്, അവിടുന്ന് പ്രത്യേകമായി തിരഞ്ഞെടുത്ത് അവരെ നിശ്ചയിച്ചിരിക്കുന്നത്. ദൈവജനത്തിനുവേണ്ടി ശുശ്രൂഷ ചെയ്യാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരുടെ സംരക്ഷണവും അവിടുന്ന് ഏൽപ്പിച്ചിരിക്കുന്നത് ദൈവജനത്തെയാണ്.

സഭാസേവനത്തിനായി സ്വയം അർപ്പിച്ചിരിക്കുന്ന വൈദികരുടെയും ദൈവാലയ ശുശ്രൂഷകരുടെയും ഉപജീവനം ഉറപ്പുവരുത്തേണ്ടത് സഭയുടെ കടമയാണ്. എന്തെന്നാൽ "വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണല്ലോ" (ലൂക്ക10:7). സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷവൃത്തിയിൽ നിന്ന് ഉപജീവനം നടത്തണമെന്ന് ദൈവവചനം നിർദ്ദേശം നൽകുന്നു (1 കോറി. 9:14). അതുകൊണ്ട് വൈദികർക്കും ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യുന്നവർക്കും മാന്യവും യോഗ്യവുമായ ജീവിതം നയിക്കുവാൻ ആവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുവാൻ വിശ്വാസികൾ തീർത്തും കടപ്പെട്ടവരാണ്. ഇത് അവരുടെ കർത്തവ്യനിർവ്വഹണത്തിനു യോജിച്ചതുമായിരിക്കണം.

കാലഘട്ടത്തിന്റെ ആവശ്യങ്ങളും വർദ്ധിച്ചുവരുന്ന ജീവിതചെലവുകളും പരിഗണിച്ച്, വേണ്ട പഠനങ്ങൾക്കും വിചിന്തനത്തിനും, ചർച്ചകൾക്കും ശേഷം പുതിയ 'തിരുക്കർമ്മധർമ്മം' പ്രസിദ്ധീകരിക്കുന്നു. ഇത് 2017 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ച 'തിരുക്കർമ്മധർമ്മ'ത്തിന്റെ കാലാനുസൃതമായി പരിഷ്ക്കരിച്ച പതിപ്പാണ്. 2023 ഏപ്രിൽ 01 മുതൽ ഇത് നടപ്പിലാക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി ഇന്ന് നിലവിലിരിക്കുന്ന എല്ലാ വ്യവസ്ഥകളും നടപടികളും പിൻവലിക്കുകയും റദ്ദാക്കുകയും ചെയ്തിരിക്കുന്നു. ഇതിൽ പറഞ്ഞിരിക്കുന്ന നിരക്കുകൾ ഏതെങ്കിലും കാരണത്താൽ ഭേദഗതി ചെയ്യുവാൻ രൂപത കച്ചേരിയിൽനിന്നും രേഖാമൂലം അനുവാദം വാങ്ങേണ്ടതാണ്.

ദൈവജനത്തിന്റെ സമഗ്രമായ നന്മയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിങ്ങളേവരെയും പിതൃവാത്സല്യത്തോടെ ആശീർവ്വദിക്കുന്നു.

+ Pauly Kannookadan

രൂപത കാര്യാലയം
20.03.2023

**+ മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ




1. **Appointments & Relievements**

   **Rev. Fr. Feby Pulickan:** Relieved from all the offices of the Eparchy of Irinjalakuda and granted leave w.e.f. 27/03/2023. Residence at PACS, Kallettumkara.

   **Rev. Fr. Rijo Alappatt:** Appointed Vicar, St. Antony's Church, Paduanagar & Chaplain, Apostolic Oblates Convent, Paduanagar and Defender of Bond & Promoter of Justice of the Eparchial Tribunal of Irinjalakuda, w.e.f. 27/03/2023.

   **Rev. Fr. Rinto Payyappilly:** Relieved Vicar, Muthrathikara and granted permission for full time service at Deepika, Thrissur, w.e.f. 30/03/2023.

   **Rev. Fr. Lijo Chittilappilly:** Appointed Vicar, St. Mary's Church, Muthrathikara, w.e.f. 30/03/2023.

2. **മേജർ–മൈനർ പട്ടങ്ങൾ – ഏപ്രിൽ 01, ശനി:** അന്നേദിവസം ഉച്ച കഴിഞ്ഞ് 2 മണിക്ക് ഇരിങ്ങാലക്കുട രൂപത മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് വൈദിക പരിശീലനം നടത്തുന്ന ശെമ്മാശന്മാർക്ക് മ്ശംശാന, ഹെവ്പദിയാക്ന, കാറോയ എന്നീ പട്ടങ്ങൾ നൽകുന്നു. ബഹു. ശെമ്മാശന്മാർക്ക് വേണ്ടി പ്രാർത്ഥിക്കുമല്ലോ.

3. **കനകമല –കുരിശുമുടി മഹാതീർത്ഥാടനം – ഏപ്രിൽ 2 ഓശാന ഞായർ:** അന്നേദിവസം ഇടവകകളിലെ സംഘടനകളുടെ നേതൃത്വത്തിൽ നമ്മുടെ കർത്താവിന്റെ പീഢാനുഭവത്തെ കുറിച്ച് ധ്യാനിച്ചുകൊണ്ട് കനകമല കുരിശുമുടിയിലേക്ക് തീർത്ഥാടനം നടത്തുന്നത് ഉചിതമാണ്.

4. **തിരുസൈത്ത് വെഞ്ചിരിപ്പും, ബഹു. വൈദികരുടെ മാസധ്യാനവും – ഏപ്രിൽ 03 തിങ്കൾ:** ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ

തിരുസൈത്ത് വെഞ്ചിരിക്കുന്നു. അന്നേദിവസം രാവിലെ 9.00ന് എത്തിച്ചേരുന്നു. തുടർന്ന് 9.30ന് ബഹുമാനപ്പെട്ട അച്ചന്മാർക്ക് കത്തീഡ്രൽ പള്ളിയിൽവച്ച് മാസധ്യാനചിന്തകൾ പങ്കുവെയ്ക്കപ്പെടുന്നു. രാവിലെ 10.15 മുതൽ വൈദികർക്ക് വി. കുമ്പസാരം നടത്തുവാൻ അവസരമുണ്ടായിരിക്കും. രാവിലെ 11 മണിക്കാണ് തിരുസൈത്ത് വെഞ്ചിരിപ്പിന്റെ കർമ്മങ്ങൾ ആരംഭിക്കുന്നത്. ഈ തിരുകർമ്മത്തിൽ ബഹു. വൈദികരോടൊപ്പം രൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾകൂടി പങ്കെടുക്കേണ്ടതാണ്.

5. **മെത്രാഭിഷേകദിനം – ഏപ്രിൽ 18, ചൊവ്വ:** അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 13–ാം വാർഷികമാണിന്ന്. ഇന്നേദിനം അഭിവന്ദ്യ പിതാവിനും രൂപതയ്ക്കും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം, അഭിനന്ദനങ്ങൾ അർപ്പിക്കാം.
6. **തൊഴിലാളിദിനം – മെയ് 01, തിങ്കൾ:** തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിന്റെ തിരുനാൾദിനത്തിൽ തൊഴിലിന്റെ മാഹാത്മ്യം മനസ്സിലാക്കുവാനും തൊഴിലാളിയുടെയും തൊഴിലുടമയുടെയും കടമകളെയും അവകാശങ്ങളെയും കുറിച്ച് അവബോധം വളർത്താൻ ഉതകുന്നതുമായ പരിപാടികൾ സംഘടിപ്പിക്കുവാൻ ഇടവകകളും രൂപതാസ്ഥാപനങ്ങളും ശ്രദ്ധിക്കുമല്ലോ.
7. **വൈദികരുടെ വാർഷികധ്യാനം:** ബഹു. അച്ചന്മാരുടെ വാർഷിക ധ്യാനം രണ്ട് ബാച്ചുകളിലായി കല്ലേറ്റുംകര 'പാക്സി'ൽവച്ച് നടത്തപ്പെടുന്നു. ആദ്യബാച്ചിന്റെ ധ്യാനം 2023 ജൂലൈ 24 തിങ്കൾ മുതൽ 28 വെള്ളി വരെയും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം 2023 ആഗസ്റ്റ് 07 തിങ്കൾ മുതൽ 11 വെള്ളി വരെയും ആയിരിക്കും. ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ ബാച്ചുകൾ ഏതാണെന്ന് 41 മുതൽ 44 വരെയുള്ള പേജുകളിൽ കൊടുത്തിട്ടുണ്ട്. ധ്യാനഗുരു – റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ (കോഴിക്കോട് രൂപതാദ്ധ്യക്ഷൻ)
8. **തിരുക്കർമ്മധർമ്മം:** ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യങ്ങളും വർദ്ധിച്ചുവരുന്ന ജീവിതചെലവുകളും പരിഗണിച്ച് വേണ്ട പഠനങ്ങൾക്കും വിചിന്തനത്തിനും, ചർച്ചകൾക്കും ശേഷം പുതിയ 'തിരുകർമ്മധർമ്മം' പ്രസിദ്ധീകരിക്കുന്നു. 2023 ഏപ്രിൽ മാസം 1–ാം തിയ്യതി മുതൽ പുതിയ 'തിരുക്കർമ്മധർമ്മം' നിലവിൽ വരുന്നു. പരിഷ്കരിച്ച 'തിരുക്കർമ്മധർമ്മ'ത്തിന്റെ പുസ്തകം രൂപതാഭവനത്തിൽ നിന്ന് ലഭിക്കുന്നതാണ്.

രൂപതാ കാര്യാലയം
20.03.2023

**മോൺ. ജോസ് മഞ്ഞളി**
വികാരി ജനറാൾ

# Christian Minority Right's Forum

296/23
11.03.23

## Eparchy of Irinjalakuda

## Board of Directors 2023-2026

1. **Patron -** Bishop of Irinjalakuda, Mar Pauly Kannookadan
2. **Chairman** - Syncellus: V. Rev. Msgr. Wilson Erathara
3. **President** - Adv. E. T. Thomas, Irinjalakuda
4. **Executive Director** - Rev. Fr. Nougin Vithayathil
5. **Assistant Director** - Rev. Fr. Albin Punneliparambil
6. V. Rev. Fr. Joy Paliakkara, Vicar, St. Joseph's Church, Muriyad
7. Mr. Shaiju Chemmannur, Potta
8. Mr. Stephen Panekkadan, North Chalakudy
9. Mrs. Mini John Chackalakkal, Irinjalakuda
10. Mr. John Parakka, Irinjalakuda
11. Mr. Shaju C. D., Palliparambil, Moonnumury
12. Mrs. Laly K. A.,Vellani
13. Mr. Telson Kottoly, Irinjalakuda
14. Mr. Davis Kalaparambath, Mala
15. Prof. Rani K. J., Kaduppassery
16. Mr. Jinatt Mathew,Thoombacode
17. Mr. Siju Thekkiniyath, Irinjalakuda

## Legal Cell Members

1. Adv. Baby Manikathuparambil, Irinjalakuda (**President**)
2. Adv. Jorphin Pettah, Irinjalakuda
3. Adv. Franco Thekkiniyath, Mala
4. Rev. Sr. Adv. Shibi FHGS, Moonnumury
5. Adv. Alphonsa John Kallingal, Varaprasadanadha, Aloor
6. Adv. M.D. Shaju Meledath, Kuttikad
7. Adv. Johnson K. J., Vellangallur

+ Pauly Kannookadan

MAR PAULY KANNOOKADAN
Bishop of Irinjalakuda

## പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

2023 മാർച്ച് 11 ശനിയാഴ്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ അദ്ധ്യക്ഷതയിൽ സി.എം.സി. സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറാൾ മോൺ. ജോസ് മഞ്ഞളി ഏവരെയും സ്വാഗതം ചെയ്തു. കഴിഞ്ഞ പാസ്റ്ററൽ കൗൺസിലിന്റെ റിപ്പോർട്ട് സെക്രട്ടറി ശ്രീ. ഡേവിസ് ഊക്കൻ അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ഉദ്ഘാടന സന്ദേശത്തിനുശേഷം 'കേരളസഭാ നവീകരണ' പ്രവർത്തനങ്ങളെക്കുറിച്ച് റവ. ഡോ. മാത്യു ഇല്ലത്തുപറമ്പിൽ ക്ലാസ്സ് നയിച്ചു. ഗ്രൂപ്പ് ചർച്ചകളും റിപ്പോർട്ടവതരണവും നടത്തി. ദിവ്യകാരുണ്യാരാധനക്ക് സി.എച്ച്.എഫ്. സിസ്റ്റേഴ്സ് നേതൃത്വം നൽകി. അഭിവന്ദ്യ പിതാവ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ക്രൈസ്തവ മൂല്യങ്ങളെയും വിശ്വാസങ്ങളെയും പരിഹസിച്ച്കൊണ്ടിറക്കിയ 'കക്കുകളി' എന്ന നാടകം കേരള സാംസ്കാരിക രംഗത്തെ മലീമസമാക്കുമെന്നും മതനിരപേക്ഷത തകർക്കുമെന്നും അഭിപ്രായപ്പെട്ടു. സ്വന്തം സുഖങ്ങളും സൗകര്യങ്ങളും മാറ്റിവച്ച് യേശുവിനായി തങ്ങളുടെ ജീവിതം സമ്പൂർണ്ണമായി സമർപ്പിച്ച് കേരളത്തിലെ നാനാജാതി മതസ്ഥരുടെ വളർച്ചയ്ക്കും നന്മയ്ക്കുമായി വളരെ ത്യാഗം സഹിച്ച് സ്കൂളുകളും കലാലയങ്ങളും അനാഥാലയങ്ങളും പടുത്തുയർത്തി സ്നേഹസേവനം കാഴ്ചവയ്ക്കുന്നവരാണ് കന്യാസ്ത്രീകളെന്നും അവരാരുംതന്നെ വീട്ടുകാരുടെ നിർബന്ധത്തിന്റെ പേരിൽ സന്യാസിനികളായവരല്ലെന്നും പൂർണ്ണമായ സ്വതന്ത്രമനസ്സോടെ തങ്ങളെതന്നെ യേശുവിനായി സമർപ്പിച്ചവരാണെന്നും പിതാവ് എടുത്തു പറഞ്ഞു. തുടർന്ന് 'കക്കുകളി' എന്ന നാടകാഭാസം എത്രയും വേഗം നിരോധിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീമതി ആനി ആന്റു പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. മോൺ. വിൽസൻ ഈരത്തറ പ്രസംഗിച്ചു. സെക്രട്ടറി ആർച്ച് പ്രീസ്റ്റ് റവ. ഫാ. ഡോ. ലാസർ കുറ്റിക്കാടൻ ഏവർക്കും നന്ദി പറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ സമാപനാശീർവാദത്തോടെ 3.30ന് യോഗം സമംഗളം പര്യവസാനിച്ചു.

**ഫാ. ഡോ. ലാസർ കുറ്റിക്കാടൻ**
ജനറൽ സെക്രട്ടറി

**ഡേവിസ് ഊക്കൻ**
സെക്രട്ടറി

**ആനി ആന്റു**
സെക്രട്ടറി

## ഏകോപനസമിതി നോമ്പുകാല ധ്യാനം

ഇരിങ്ങാലക്കുട രൂപത ഏകോപനസമിതിയുടെ ആഭിമുഖ്യത്തിൽ 2023 മാർച്ച് 18, 19 (ശനി, ഞായർ) തിയ്യതികളിൽ നോമ്പുകാല ധ്യാനം കല്ലേറ്റുംകര പാക്സിൽ വച്ച് നടന്നു. അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ ഉദ്ഘാടന സന്ദേശത്തിനുശേഷം സേവ നഗിരി ഡയറക്ടർ റവ. ഫാ. ജോർജ്ജ് തോട്ടാൻ സി.എം.ഐ. ധ്യാനത്തിന് നേതൃത്വം നൽകി. റവ.ഡോ. ജോജി പാലമറ്റത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ജപമാല, കുരിശിന്റെ വഴി, ദിവ്യകാരുണ്യാരാധന, അനുരഞ്ജന കൂദാശ എന്നിവയോടെ ധ്യാനം സമാപിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ ധ്യാനത്തിൽ പങ്കുചേർന്ന ഏകോപനസമിതി അംഗങ്ങളെല്ലാവരും ഈ നോമ്പു കാലധ്യാനം വളരെ നന്നായിരുന്നുവെന്ന് വിലയിരുത്തി. വി. യൗസേപ്പിതാവിന്റെ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന എല്ലാ ജോസഫ് നാമധാരികൾക്കും വളരെ പ്രത്യേകമായി ഏകോപനസമിതി ചെയർമാൻ മോൺ. ജോസ് മഞ്ഞളിയ്ക്കും കേക്ക് മുറിച്ച് തിരുനാൾ ആശംസകൾ അർപ്പിച്ചു. സെക്രട്ടറി ഫാ. ജോയൽ ചെറുവത്തൂർ, ജോ. സെക്രട്ടറി പിന്റോ സി.എൽ. എന്നിവർ ധ്യാനത്തിനും മറ്റു പരിപാടികൾക്കും നേതൃത്വം നൽകി. എഴുപതോളം പേരാണ് ഈ നോമ്പുകാലധ്യാനത്തിൽ പങ്കെടുത്തത്. ധ്യാനവിജയത്തിനായി പാക്സിലെ ബഹു. വൈദികരും, സിസ്റ്റേഴ്സും നൽകിയ സഹായ സഹകരണങ്ങൾക്ക് ഒത്തിരി നന്ദി.

**ഫാ. ജോയൽ ചെറുവത്തൂർ**
സെക്രട്ടറി

**പിന്റോ സി.എൽ.**
ജോ. സെക്രട്ടറി

## വാർഷിക തെരട്ട്

നമ്മുടെ രൂപതയിലെ പള്ളികളുടെയും കുരിശുപള്ളികളുടെയും 2022-2023 സാമ്പത്തിക വർഷത്തിലെ തെരട്ട് രൂപതാഭവനത്തിൽ CA ഓഡിറ്റിങ്ങിനായി സമർപ്പിക്കേണ്ടത് 2023 മെയ് 15 മുതൽ ആണ്. ഓരോ പള്ളിയും തെരട്ട് സമർപ്പിക്കേണ്ട തിയ്യതി 2023 മാർച്ച് മാസത്തിലെ ബുള്ളറ്റിനിൽ കൊടുത്തിട്ടുണ്ട്. 2023 മെയ് മാസത്തിലെ ആദ്യത്തെ ആഴ്ചയിലെങ്കിലും പള്ളിയോഗത്തിൽ തെരട്ട് പാസാക്കി രൂപതാഭവനത്തിൽ സമർപ്പിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**ഫാ. ലിജോ കോങ്കോത്ത്**
ഫൈനാൻസ് ഓഫീസർ

# അനുസ്മരണദിനങ്ങൾ
## 2023 ഏപ്രിൽ

| | | |
|---|---|---|
| 02 ഞായർ | : | **ഓശാന ഞായർ**<br>(നോമ്പ് ഏഴാം ഞായർ) |
| 06 വ്യാഴം | : | **പെസഹാവ്യാഴം** |
| 07 വെള്ളി | : | **പീഢാനുഭവവെള്ളി**<br>(ഉപവാസദിനം) |
| 08 ശനി | : | **വലിയ ശനി**<br>(ഇന്നുമുതൽ പന്തകുസ്തതിരുനാൾവരെ ത്രികാല ജപം 'സ്വർല്ലോകരാജ്ഞി') |
| 09 ഞായർ | : | **നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ** |
| 14 വെള്ളി | : | വേദസാക്ഷികളുടെ തിരുനാൾ |
| 16 ഞായർ | : | **പുതുഞായർ**<br>(ഉയിർപ്പ് രണ്ടാം ഞായർ) |
| 18 ചൊവ്വ | : | **അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിന്റെ മെത്രാഭിഷേകദിനം (2010)** |
| 23 ഞായർ | : | ഉയിർപ്പ് മൂന്നാം ഞായർ |
| 24 തിങ്കൾ | : | **വി. ഗീവർഗ്ഗീസ്** |
| 25 ചൊവ്വ | : | **വി. മർക്കോസ് സുവിശേഷകൻ** |
| 29 ശനി | : | സിയന്നായിലെ വി. കത്രീന |
| 30 ഞായർ | : | ഉയിർപ്പ് നാലാം ഞായർ |



## ബ്ലസ് എ ഹോം

1. ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് 1975 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ പത്ത് കോടി എട്ട് ലക്ഷത്തി പതിനായിരത്തി നാന്നൂറ്റിഅറുപത്തിയെട്ട് (10,08,10,468/-) രൂപ നൽകി.

2. **ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നൽകിയവർ**

| | | |
|---|---|---|
| 01. | എം. എസ് പോളി, മാമ്പിള്ളി, മാള | 6000.00 |
| 02. | ജോയ് ആലൂക്കാസ് ഫൗണ്ടേഷൻ, തൃശ്ശൂർ | 20,000.00 |
| 03. | ജോൺ ഫ്രാൻസ്സീസ്, കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 10000.00 |
| 04. | പീറ്റർ ആന്റണി കോമ്പാറക്കാരൻ, കാട്ടൂർ | 20000.00 |
| 05. | ആലീസ് സെബാസ്റ്റ്യൻ, താഴെക്കാട് | 10000.00 |
| 06. | റവ. ഫാ. ജോസ് മഞ്ഞളി, ലാസെലറ്റ്, ആസ്ട്രേലിയ | 50,000.00 |
| 07. | പ്രൊവിൻഷ്യൽ സുപ്പീരിയർ, ഡി പോൾ പ്രൊവിൻസ്, പോട്ട | 5,000.00 |
| 08. | സി.എച്ച്.എഫ്. തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പുത്തൻചിറ | 5,000.00 |
| 09. | സമരിറ്റൻ സിസ്റ്റേഴ്സ്, മണ്ണൂത്തി | 10,000.00 |
| 10. | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കുറ്റിക്കാട് | 5,000.00 |
| | **ആകെ** | **1,41,000.00** |

**ഫാ. മെഫിൻ തെക്കേക്കര**
ഡയറക്ടർ

## പാക്സ്

1. **ഏപ്രിൽ**

| | | |
|---|---|---|
| 1 & 2 | - | Couples Retreat |
| 11, 12, 13 (Tue to Thu) | - | Pre Cana |
| 17 & 18 | - | CKDY Catechism Students Camp |
| 18 to May 12 | - | Course for Junior Sisters |
| 20 & 21 | - | CKDY Catechism Students Camp |
| 24, 25, 26 (Mon to Wed) | - | Pre Cana |
| 28 & 29 | - | CKDY Catechism Students Camp |

**മെയ്**

| | | |
|---|---|---|
| 8, 9, 10 (Mon to Wed) | - | Pre Cana |
| 22, 23, 24 (Mon to Wed) | - | Pre Cana |

**ഫാ. ജോജി പാലമറ്റത്ത്**
ഡയറക്ടർ

1. **മതബോധന സ്കോളർഷിപ്പ് പരീക്ഷ**

2023 ഏപ്രിൽ 13-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 11.30 വരെ സൺഡേ സ്കൂൾ മതബോധനം IV, VII ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷ ഇരിങ്ങാലക്കുട - ലിറ്റിൽ ഫ്ളവർ ഹൈസ്കൂൾ, ചാലക്കുടി - സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, മാള - സെന്റ് ആന്റണീസ് പ്ലസ്ടു സ്കൂൾ എന്നീ സ്കൂളുകളിൽവച്ച് നടത്തുന്നതായിരിക്കും.

2. **ഗ്രെയ്സ് ഫെസ്റ്റ് 2023 - രൂപതാതല ഉദ്ഘാടനം**

2023 ഏപ്രിൽ 10-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് രൂപത മുഖ്യ വികാരിജനറാൾ മോൺ. ജോസ് മഞ്ഞളി അമ്പഴക്കാട് സെന്റ് തോമസ് ഫൊറോന പള്ളിയിൽ വച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ഏപ്രിൽ 10 മുതൽ മെയ് 13 വരെ രൂപതയിലെ വിവിധ ഇടവകകളിൽ മതബോധന വിദ്യാർത്ഥികൾക്കായി വിശ്വാസപരിശീലകരും വൈദികവിദ്യാർത്ഥികളും പി.ടി.എ. ഭാരവാഹികളും സഹകരിച്ച് മൂന്ന് ദിവസങ്ങളിലായി ഓരോ മതബോധന യൂണിറ്റിലും ഗ്രെയ്സ് ഫെസ്റ്റ് നടത്തുന്നു.

3. **X, XII ക്ലാസ്സുകളിലെ പുനർപരീക്ഷ (Say Examination)**

2023 ഏപ്രിൽ 30-ാം തിയ്യതി ഞായറാഴ്ച ഉച്ചക്ക് 2 മണി മുതൽ 4 മണിവരെ വിദ്യാജ്യോതിയിൽവച്ച് നടത്തപ്പെടുന്നു. ഏപ്രിൽ 20-ാം തിയ്യതിക്കുമുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടൊപ്പം പരീക്ഷാർത്ഥിയുടെ വിശദവിവരങ്ങൾ വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

4. **Std. X, XII ഉത്തരകടലാസ് പുനർമൂല്യനിർണ്ണയം**

ഉത്തരകടലാസ് പുനർമൂല്യനിർണ്ണയത്തിന് ഏപ്രിൽ 10-ാം തിയ്യതിക്കുമുൻപ് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ 150 രൂപ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. **പ്രതിഭാസംഗമം**

മെയ് 16, 17, 18 തിയ്യതികളിൽ 7-ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള പ്രതിഭാസംഗമം കാക്കനാട് വച്ച് നടത്തുന്നു. ഇതിനായി എല്ലാ മതബോധന യൂണിറ്റുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട് വിദ്യാജ്യോതിയിൽ പേരുകൾ നൽകിയിട്ടുള്ള വിദ്യാർത്ഥികൾക്കായി ഏപ്രിൽ

1-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചതിരിഞ്ഞ് 4.00 വരെ രൂപതാതലത്തിൽ പ്രതിഭാസംഗമം 'The NEST' - 2023 നടത്തുന്നതായിരിക്കും. രൂപതയിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ) വിദ്യാർത്ഥികൾക്ക് കാക്കനാട് നടത്തുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കുവാൻ അവസരം നൽകുന്നതാണ്.

**6. പ്രധാനദ്ധ്യാപകരുടെ നിയമനം**

രൂപതാമാർഗ്ഗരേഖയിൽ നൽകിയിരിക്കുന്ന മാർഗ്ഗനിർദേശമനുസരിച്ച് കാലാവധി പൂർത്തിയാക്കുന്ന പ്രധാനദ്ധ്യാപകർക്ക് പകരമായിട്ട് പുതുതായി നിയമിക്കപ്പെടുന്ന പ്രധാനദ്ധ്യാപകൻ/പ്രധാനദ്ധ്യാപിക, യൂണിറ്റ് സെക്രട്ടറി എന്നിവരുടെ വിശദവിവരങ്ങൾ അടങ്ങിയ നിയമനപത്രിക വികാരിയച്ചന്റെ രേഖാമൂലം മെയ് 21 ഞായറാഴ്ചയ്ക്കുമുമ്പ് മുമ്പ് വിദ്യാജ്യോതിയിൽ ഏൽപ്പിക്കേണ്ടതാണ്.

**7. മതബോധന ക്ലാസ്സുകളിൽ 12 വർഷം മുടങ്ങാതെ വന്ന വിദ്യാർത്ഥികൾ**

| Sl. No | Name | Parish |
|---|---|---|
| 1 | Anchana Shaju | St. Mary's Church, Nellayi |
| 2 | Charly V.C. | St. Antony's Church, Konnakuzhy |
| 3 | Ashna Shaji | St. Antony's Church, Konnakuzhy |
| 4 | Anjo Joy | St. Joseph's Church, Vellangallur |
| 5 | Jees Joy | Holy Family Church, Vellikulangara |
| 6 | Betti M. B. | St. Thomas Forane Church, Ambazhakad |
| 7 | Angel Mariya Joy | St. Thomas Forane Church, Ambazhakad |
| 8 | Naveena Martin | St. Mary's Church, Nandikara |
| 9 | Megha E.J. | St. Stanislaus Forane Soccorso Unit, Mala |
| 10 | Jovan Edattukaran | St. Stanislaus Forane Soccorso Unit, Mala |
| 11 | Alfred Babu | St. Joseph's Forane Church, Kodakara |
| 12 | Jins Joy | Holy Cross Shrine Church, Mapranam |
| 13 | Joel Jose | Holy Cross Shrine Church, Mapranam |
| 14 | Adon Sijo | St. Joseph's Church, Puthenchira East |
| 15 | Mariya Paul | St. Mary's Church, Thumbarassery |
| 16 | An Maria James | St. George's Church, Puthenvelikkara |
| 17 | Asahel Johnson | St. John the Baptist Church, Moonnumuri |
| 18 | Denson Devassy | St. John the Baptist Church, Moonnumuri |

| | | |
|---|---|---|
| 19 | Alexander C.P. | St. Sebastian's Major Archiepiscopal pilgrim Church, Thazhekad |
| 20 | Sneha Raju | Christ King Church, Annamanada |
| 21 | Abeena Francis | St. Mary's Forane Church, Puthenchira |
| 22 | Anjo Thottan | St. Thomas Cathedral, Irinjalakuda |
| 23 | Saina Sonsun | St. Mary's Church, Karuvannur |
| 24 | Aabel Johnson | Holy Family Church, Avittathur |
| 25 | Anlin M.G. | Holy Family Church, Avittathur |
| 26 | Augnes Mariya | De Paul Unit, Potta |
| 27 | Shibiya Jose | St. Sebstian's Forane Church, Kuttikad |
| 28 | Christeena Rose Jose | St. Sebstian's Forane Church, Kuttikad |
| 29 | Anju Saju | St. Sebstian's Forane Church, Kuttikad |
| 30 | Anagha Sebastian | St. Mary's Church, Velayanad |
| 31 | Aleena M.A. | St. Mary's Church, Velayanad |
| 32 | Alby Maria Shaju | St. Joseph's Church, Aloor |
| 33 | Prayas Paul | St. Joseph's Church, Mettipadam |
| 34 | Aible Varghese | Our Lady of Dolours Church, Kalvarikunnu |
| 35 | Aleena Thomas | Sacred Heart Church, Kaduppassery |
| 36 | Sneha Jose | St. Jude's Church, Munipara |
| 37 | Alwin Joy | St. Jude's Church, Munipara |

**8. 25 വർഷം മതബോധന രംഗത്ത് ശുശ്രൂഷ ചെയ്ത അദ്ധ്യാപകർ**

| Sl.No | Name | Parish |
|---|---|---|
| 1 | Mrs. Thressiamma Paul Kavalakkat Thottathil | St. Joseph's Forane Church, Kodakara |
| 2 | Mrs. Sherly Raju Pallipatt | Infant Jesus Church, Kallettumkara |
| 3 | Mr. Joy N.J. Nochiruvalappil | St. Mary's Church, Cheloor |
| 4 | Mr. K.J. Joju Kaippillyparambil | St. Mary's Church, Nellayi |
| 5 | Mrs. Annie Simon Ullattikulam | St. Antony's Church, Kottat |
| 6 | Mrs. Lilly Kuriakose Painadath | St. Mary's Forane Church, Puthenchira |
| 7 | Mrs. Anice Sebastian Nedungat | St. Paul's Church, Aroormuzhy |
| 8 | Mrs. Stella Joy Puthenpurayil | St. Paul's Church, Aroormuzhy |
| 9 | Mrs. Mercy Paulson | St. Paul's Church, Aroormuzhy |

| | | |
|---|---|---|
| 10 | Ms. Philomina P.A. Padamadan | St. Stanislaus ForaneSoccorso Unit, Mala |
| 11 | Mrs. Grace Jose Pazhayattil | St. Stanislaus Forane Church, Mala |
| 12 | Mr. Jeeson K.R . Kundukulangara | Holy Trinity Church, Karalam |
| 13 | Mr. Joy E. R. Eachareth | St. Antony's Church, Perambra |
| 14 | Sr. Sereena CSC | St. John Nepumcian Forane Church, Parappukara |
| 15 | Mrs. Cicily Varghese Anthikadan | St. Mary's Assumption Church, Nadavarambu |
| 16 | Mr. Vincent P.F. Pallai | St. Thomas Cathedral Don Bosco Unit, Irinjalakuda |
| 17 | Mrs. Jeemol Shajan Kallely | St. Thomas Cathedral Don Bosco Unit, Irinjalakuda |
| 18 | Mrs. Pushpa Thomas Maliakal | St. George's Church, Puthenvelikara |
| 19 | Mrs. Sheela Leons Moonjely | St. Sebastian's Major Archiepiscopal Pilgrim Church, Thazhekad |
| 20 | Mrs. Rose Mary Shajan Kuttikadan | St. Sebastian's Major Archiepiscopal Pilgrim Church, Thazhekad |
| 21 | Mr. Shoy K.T. Kallely | St. Mary's Church, Thazhoor |
| 22 | Mr. Joby Varghese Parekkadan | St. Thomas Cathedral L.F. Unit, Irinjalakuda |
| 23 | Mrs. Sheeja Johny | St. Sebastian's Forane Church, Kuttikad |
| 24 | Mrs. Dally Jose Karathrakkaran | St. Joseph's Church, Aloor |
| 25 | Mrs. Beena Rappai Aricatt | St. Joseph's Church, Aloor |
| 26 | Mrs. Leena Baby Vadakkethala Poovathingal | Our Lady of Carmel Forane Church, Edathiruthy |
| 27 | Mr. Varghese John Muringathery | St. Thomas Cathedral Christ Unit, Irinjalakuda |
| 28 | Mrs. Philomina Joy Padamadan | St. Thomas Cathedral Christ Unit, Irinjalakuda |
| 29 | Mrs. Lilly Jose Melepuram | St. Joseph's Church, North Chalakudy |
| 30 | Mrs. Beena Wilson Kudilingal | St. Jude's Church, Munipara |

**ഫാ. റിജോയ് പഴയാറ്റിൽ**
ഡയറക്ടർ

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ് - 2023**

23 – മത് ലോഗോസ് ക്വിസ് ഈ വർഷം കൂടുതൽ കാര്യക്ഷമമായും കൂടുതൽ ജനപങ്കാളിത്തത്തോടെയും നടത്തുവാൻ ആഗ്രഹിക്കുന്നു. ആയതിനാൽ ഈ വർഷത്തെ പഠനവിഷയം കുടുംബ യൂണിറ്റ് തലത്തിലും ഇടവക തലത്തിലും പഠിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**23– ാമത് ലോഗോസിന്റെ പഠന വിഷയം:**

| | | |
|---|---|---|
| I – ജോഷ്വാ | 13 മുതൽ 24 | ഉൾപ്പെടെയുള്ള അധ്യായങ്ങൾ |
| II – പ്രഭാഷകൻ | 27 മുതൽ 33 | ഉൾപ്പെടെയുള്ള അധ്യായങ്ങൾ |
| III – വി. ലൂക്ക | 1 മുതൽ 8 | ഉൾപ്പെടെയുള്ള അധ്യായങ്ങൾ |
| IV – 2 കൊറിന്തോസ് | 1 മുതൽ 6 | ഉൾപ്പെടെയുള്ള അധ്യായങ്ങൾ |

**പരീക്ഷ തീയതി:** 2023 സെപ്റ്റംബർ 24

**സമയം:** 2.00 PM - 3.30 PM

**2. ലാ ബിബ്ലിയ 2023**

നോമ്പുകാലത്ത് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സുവിശേഷങ്ങളുടെ കയ്യെഴുത്ത് പ്രതി ഇടവകകളിൽ പ്രദർശിപ്പിക്കുകയും, അതിൽ പങ്കെടുത്തവരുടെ എണ്ണം ഏപ്രിൽ 23ന് മുൻപ് ബൈബിൾ അപ്പോസതോലേറ്റിന്റെ ഓഫീസിൽ അറിയിക്കുകയും ചെയ്യുമല്ലോ.

**ഫാ. സീമോൻ കാഞ്ഞിത്തറ**
ഡയറക്ടർ

## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ഫ്രാൻസീസ് ബ്രഹ്മകുളം | 18.04.1982 |
| റവ. ഫാ. പീയൂസ് ചിറ്റിലപ്പിള്ളി | 16.04.2014 |
| റവ. ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 22.04.2014 |
| റവ. ഫാ. പോൾ. സി. അമ്പൂക്കൻ | 22.04.2018 |
| റവ. ഫാ. സെബാസ്റ്റ്യൻ വാഴപ്പിള്ളി | 07.04.2022 |

## സെന്റ് പോൾസ് മൈനർ സെമിനാരി

1. **യാത്രയയപ്പുനൽകി:** മൈനർ സെമിനാരിയിലെ പഠനം പൂർത്തിയാക്കിയ 9 വൈദിക വിദ്യാർത്ഥികൾക്ക് യാത്രയയപ്പുനൽകി. മാർച്ച് 6-ാംതിയ്യതി രാവിലെ വി.ബലിയിൽ കാഴ്ചസമർപ്പണംനടത്തി കൃതജ്ഞതയർപ്പിക്കുകയും വൈകീട്ട് യാത്രയയപ്പുസമ്മേളനവും സ്നേഹവിരുന്നും നടത്തുകയും ചെയ്തു.
2. **മാസധ്യാനം:** മൈനർ സെമിനാരി വിദ്യാർത്ഥികളുടെ മാർച്ച് മാസത്തിലെ മാസധ്യാനം മാർച്ച് 7-ാം തിയ്യതി ചൊവ്വാഴ്ചയായിരുന്നു. തുറവൻകുന്ന് ഇടവകവികാരി റവ. ഫാ. ഷാജു ചിറയത്താണ് മാസധ്യാനചിന്തകൾ പങ്കുവച്ചത്.
3. **കനകമല തീർത്ഥാടനം:** ഇരിങ്ങാലക്കുട രൂപതയുടെ തീർത്ഥാടനകേന്ദ്രമായ കനകമലയിലേക്ക് മൈനർ സെമിനാരി വിദ്യാർത്ഥികൾ തീർത്ഥാടനം നടത്തി. മാർച്ച് 18 ശനിയാഴ്ച വൈകീട്ട് കനകമല കയറുകയും 7.00 മണിക്ക് മലമുകളിലെ വി. ബലിയിൽ സംബന്ധിക്കുകയും ചെയ്തു.
4. **വേനൽ അവധി:** മൈനർസെമിനാരി വിദ്യാർത്ഥികളുടെ വേനലവധി മാർച്ച് 19-ാം തിയതി ഞായറാഴ്ച ആരംഭിച്ചു. 2 മാസം നീണ്ടുനിൽക്കുന്ന അവധി മെയ് 20-ാം തിയ്യതി അവസാനിക്കും.
5. **മേജർ സെമിനാരിക്കാരുടെ മീറ്റിംഗ്:** വിവിധ മേജർ സെമിനാരികളിൽ ഇരിങ്ങാലക്കുട രൂപതയ്ക്കു വേണ്ടി പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾ മാർച്ച് 21-ാം തിയതി അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ മൈനർ സെമിനാരിയിൽ ഒരുമിച്ച്കൂടുകയും അവധിക്കാല പ്രോഗ്രാമുകൾ ചർച്ചചെയ്ത് തീരുമാനിക്കുകയും ചെയ്തു.
6. **കുടുംബോത്സവം 2023:** ഇരിങ്ങാലക്കുട രൂപതയിലെ മേജർ സെമിനാരിക്കാരുടെ ഹോം മിഷൻ പ്രോഗ്രാമായ കുടുംബോത്സവം ഈ വർഷം മാർച്ച് 22 മുതൽ 26 വരെ വീരഞ്ചിറ ഇടവകയിൽ നടത്തപ്പെട്ടു. 38 വൈദികവിദ്യാർത്ഥികളാണ് പങ്കെടുത്തത്. ഭവനസന്ദർശനം, വി. കുർബാന, ധ്യാനം, ആരാധന, വചനസന്ധ്യ, സംഗമങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് കുടുംബോത്സവം.
7. **സാമ്പത്തിക സഹായം നൽകിയവർ:**

അൽവേർണിയ എഫ്.സി. കോൺവെന്റ്, ഇരിങ്ങാലക്കുട 10,000

**ഫാ. ഡേവിസ് കിഴക്കുംതല**
റെക്ടർ

## RRR Programme 2023

Rooted - Radiant - Recreated

**ഏപ്രിൽ 10, 11, 12**
**(തിങ്കൾ, ചൊവ്വ, ബുധൻ)**

ഇരിങ്ങാലക്കുട രൂപതയിലെ അൾത്താര സംഘടനയിലെ 7, 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്കായി മേഖല അടിസ്ഥാനത്തിൽ ഏക ദിന ക്യാമ്പ് ഒരുക്കിയിരിക്കുന്നു.

സമയം:

**രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3.30 വരെ**

NB:
- ഏപ്രിൽ 5ന് മുൻപ് അൾത്താരസംഘം ഡയറക്ടറെ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യുക.
- രജിസ്ട്രേഷൻ ഫീസ് 20 രൂപ.
- ക്യാമ്പിന് വരുമ്പോൾ നോട്ട് ബുക്ക്, പേന, വികാരിയച്ചന്റെ കത്ത് എന്നിവ കൊണ്ടുവരേണ്ടതാണ്.

## ലീഡേഴ്സ് മീറ്റും സാവിയോ ഫെസ്റ്റും

**2023 മെയ് 1, തിങ്കൾ – ലീഡേഴ്സ് മീറ്റും, മെയ് 5, വെള്ളി – സാവിയോ ഫെസ്റ്റും നടത്തുന്നു.**

*സ്ഥലം:*

**ലീഡേഴ്സ് മീറ്റ് –** ഇരിങ്ങാലക്കുട സെന്റ് പോൾസ് മൈനർ സെമിനാരി.

**സാവിയോഫെസ്റ്റ്** – ഇരിങ്ങാലക്കുട കത്തീഡ്രൽ ഹാൾ

NB: സാവിയോ ഫെസ്റ്റിന് വരുമ്പോൾ യൂണിഫോം ധരിക്കണം. വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

- ലീഡേഴ്സ് മീറ്റിന് വരുന്നവർ ഏപ്രിൽ 25ന് മുൻപും, സാവിയോ ഫെസ്റ്റിന് വരുന്നവർ മെയ് 1ന് മുൻപും അൾത്താരസംഘം ഡയറക്ടറെ വിളിച്ച് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- വരുമ്പോൾ നോട്ട് ബുക്ക്, പേന, രജിസ്ട്രേഷൻ ഫീസ് 20 രൂപ എന്നിവ കൊണ്ടുവരേണ്ടതാണ്.

**ഫാ. ജിൽസൻ പയ്യപ്പിള്ളി**
അൾത്താരസംഘം ഡയറക്ടർ
8547878068

## നവചൈതന്യ

**1. 2023 ഏപ്രിൽ മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 01 | : | എ.എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 02 | : | ഫോളോ അപ്പ് & ആദ്യഞായർ കൂട്ടായ്മ |
| 03 – 04 | : | സ്റ്റാഫിന് ധ്യാനം (സാൻജോസദൻ & നവചൈതന്യ) |
| 06, 07, 08 | : | അവധി |
| 10 – 12 | : | പിക്നിക് (സാൻജോസദൻ & നവചൈതന്യ) |
| 13 | : | സ്റ്റാഫ് മീറ്റിങ്ങ് |
| 15 – 22 | : | ലഹരിമോചന പരിശീലന ക്യാമ്പ് |
| 23 | : | എ.എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 29 | : | എ.എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 30 | : | എ.എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 24–30 | : | ഭവനസന്ദർശനം |

**2. ഇന്നലെകൾ:** മാർച്ച് മാസത്തിൽ ആദ്യഞായർ കൂട്ടായ്മയിൽ 106 പേർ പങ്കെടുത്തു. ഡയറക്ടർ ജോൺപോളച്ചന്റെ നേതൃത്വത്തിൽ ദിവ്യബലിയും, വചന സന്ദേശവും, ക്യാമ്പേഴ്സിന്റെ ജീവിതാനുഭവം പങ്കുവെയ്ക്കലും നടത്തപ്പെട്ടു.

365–ാമത്തെ ക്യാമ്പിൽ 44 പേർ പങ്കെടുത്തു. ക്യാമ്പിലെ കുടുംബ ദിനത്തിൽ 13 പേരെ ലഹരി വിമുക്ത ജീവിതത്തിന്റെ മെഡൽ നൽകി ആദരിച്ചു. ക്യാമ്പിലെ ബുധനാഴ്ച അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് വി. കുർബാനയും വചനസന്ദേശവും ക്യാമ്പംഗങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന ശുശ്രൂഷയും നടത്തി. തുടർന്ന്, ജപമാലയും മധുരപലഹാരങ്ങളും വിതരണം ചെയ്തു.

ക്യാമ്പംഗങ്ങളുടെ 36 ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ടതായ നിർദ്ദേശങ്ങൾ നൽകി. ഞായറാഴ്ച ദിവസങ്ങളിൽ എ. എ. ഗ്രൂപ്പ് അംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്ത് അവരുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കുകയും സ്നേഹവിരുന്ന് നടത്തുകയും ചെയ്തു.

**ഫാ. ജോൺ പോൾ ഈയ്യന്നം**
ഡയറക്ടർ




## 2023 April

### Birth Days

| | | | |
|---|---|---|---|
| 01 | Rev. Fr. Kallingal Joji | 09 | Rev. Fr. Palamattam George |
| | Rev. Fr. Malakaran Jino | 12 | Rev. Fr. Verampilave Jinto |
| 02 | Rev. Fr. Pudussery Pauly | 16 | Rev. Fr. Chakkiath Jijo |
| 05 | Rev. Fr. Kalapurakkal Davis | 19 | Rev. Fr. Nayathodan Jibin |
| | Rev. Fr. Karippai Jaison | 24 | Rev. Msgr. Erathara Wilson |
| 06 | Rev. Fr. Payyappilly Ebin | 27 | Rev. Fr. Kanjilassery Seby |
| 07 | Rev. Fr. Thekkathala John | 29 | Rev. Fr. Irimpan Seejo |
| 08 | Rev. Fr. Mukkattukarakaran Antony | | Rev. Fr. Parekadan Linto |

### Feast Days

| | | |
|---|---|---|
| 23 | Rev. Fr. Kokkatt Joju | Rev. Fr. Kuttikadan Lindo |
| | Rev. Fr. Mangalan George | Rev. Fr. Nellissery Joy |
| | Rev. Fr. Pulickan Ajo | Rev. Fr. Njarekkadan Tinto |
| | Rev. Fr. Vadassery Rees | Rev. Fr. Palamattam George |
| 24 | Rev. Fr. Areekatt Varghese (Sr.) | Rev. Fr. Palathingal Varghese |
| | Rev. Fr. Arikatt Varghese (Jr.) | Rev. Fr. Parackal Freejo |
| | Rev. Fr. Arimbooparambil Sinu | Rev. Fr. Parekkadan Linto |
| | Rev. Fr. Chakkalackal Arun | Rev. Fr. Pareman George |
| | Rev. Fr. Chalissery Varghese | Rev. Fr. Pathadan Varghese |
| | Rev.Fr. Chirammel George | Rev. Fr. Pengiparambil Vimal |
| | Rev. Msgr. Erathara Wilson | Rev. Fr. Punneliparambil Albin |
| | Rev. Fr. Kalampanathadathil Sunny | Rev. Fr. Tharayil Johnson |
| | Rev. Fr. Kallely Megin | Rev. Fr. Thelappilly Georgy |
| | Rev. Fr. Kallingal Joji | Rev. Fr. Vadakkepeedika Varghese |
| | Rev. Fr. Karippai Manoj | Rev. Fr. Vadakken Jolly |
| | Rev. Fr. Karuthy Lijo | Rev. Fr. Vazhappilly Varghese O. |
| | Rev. Fr. Kongoth Lijo | Rev. Fr. Vezhaparambil George |
| | Rev. Fr. Konthuruthy Varghese | Rev. Fr. Vithayathil Nougin |
| | Rev. Fr. Koonan Joemon | |

# സ്പിരിച്ച്വാലിറ്റി സെന്റർ

1. **ആരാധന:**
   തിങ്കൾ മുതൽ ശനി വരെ രാവിലെ 6.30നും 8.00നും വിശുദ്ധ കുർബാന, തുടർന്ന് വൈകിട്ട് 5.00 വരെ ആരാധന. വൈകിട്ട് 5ന് വി. കുർബാന.
2. **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും:**
   എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.00 മണി മുതൽ ഉച്ചതിരിഞ്ഞ് 1.00 മണിവരെ വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, ബന്ധനമോചന ശുശ്രൂഷകൾ.
3. **പ്രേഷിത കൂട്ടായ്മ:**
   ഏപ്രിൽ 13-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക്.
4. **പ്രാർത്ഥന നിയോഗങ്ങൾ:**
   ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| 1 | Rev. Fr. Joseph Thekkethala | 16 | Sunday |
| 2 | Sunday | 17 | Rev. Fr. Jijo Thundathil |
| 3 | Rev. Fr. Sanesh Thekkethala | 18 | Rev. Fr. Naveen Ukken |
| 4 | Rev. Fr. Antony Thekkineth | 19 | Rev. Fr. Varghese Vadakepeedika |
| 5 | Rev. Fr. Arun Thekkineth | 20 | Rev. Fr. Akhil Vadakkan |
| 6 | Holy Thursday | 21 | Rev. Fr. Tom Vadakkan |
| 7 | Good Friday | 22 | Rev. Fr. Jolly Vadakken |
| 8 | Holy Saturday | 23 | Sunday |
| 9 | Easter Sunday | 24 | Rev. Fr. Jaison Vadakumchery |
| 10 | Rev. Fr. Rinto Thekkineth | 25 | Rev. Fr. Rees Vadassey |
| 11 | Rev. Fr. Dinto Thekiniyath | 26 | Rev. Fr. Gijo Vakaparambil |
| 12 | Rev. Fr. Jino Thekkiniyath | 27 | Rev. Fr. Roby Valappila |
| 13 | Rev. Fr. Jojo Thoduparambil | 28 | Rev. Fr. Saji Valiyaveetil |
| 14 | Rev. Fr. Jomy Thottiyan | 29 | Rev. Fr. Daniel Varamuth |
| 15 | Rev. Fr. Halit Thulaparamban | 30 | Sunday |

**മോൺ. വിൽസൻ ഈരത്തറ**
റെക്ടർ

**ഫാ. സീമോൻ കാഞ്ഞിത്തറ**
ജോയിന്റ് റെക്ടർ

1. **'അഡോപ്റ്റ് ആൻ ഏയ്ഞ്ചൽ'**
എന്ന പദ്ധതിയിലേക്ക് സംഭവാന നൽകിയവർ.

| | |
|---|---|
| 1. Pauly K.O., Vadassery, Vellikulangara | 5,000/- |
